**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 399** **08-08-2023 - ൽ മറുപടിയ്ക്ക്**

**കെട്ടിട വിസ്തീർണ്ണം 9 ബി ഫോറത്തിൽ നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിടങ്ങളുടെ തറ വിസ്തീർണത്തിൽ വരുത്തിയ മാറ്റം 9 ബി ഫോറത്തിൽ നൽകുന്നതിന് 22.03.2023-ലെ സ.ഉ(കൈ)നം.77/2023/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന സമയം നീട്ടി നൽകാൻ നടപടി സ്വീകരിക്കുമോ; | (എ) | 19/05/2023 തീയതിയിലെ സ.ഉ (കൈ) നം. 116/2023/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം കെട്ടിടങ്ങളുടെ തറ വിസ്തീർണത്തിൽ വരുത്തിയ മാറ്റം 9 ബി ഫോറത്തിൽ നൽകുന്നതിനുള്ള സമയപരിധി 2023 ജൂൺ 30 വരെ നീട്ടി നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൂർ അനുമതി വാങ്ങാതെ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയവർ ആയത് ക്രമപ്പെടുത്തുന്നതിന് പുതിയ പ്ലാൻ നൽകേണ്ടതുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ, ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ, ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതായോ ഉള്ള മാറ്റങ്ങൾ രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ടി കാര്യം ഫോറം 9 ബി ഉപയോഗിച്ച് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈനായോ, നേരിട്ടോ അറിയിക്കുന്നതിനാണ് നിർദേശം നൽകിയിരുന്നത്. ഇപ്രകാരം അറിയിക്കുന്നതിന് കെട്ടിടത്തിന്റെ പ്ലാൻ സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ല. എന്നാൽ 22.03.2023-ലെ സ.ഉ(കൈ).77/2023/എൽ.എസ്.ജി..ഡി. നമ്പർ ഉത്തരവിലെ ഖണ്ഡിക 2 (24)-ൽ ഇപ്രകാരം വരുത്തിയിട്ടുള്ള വ്യത്യാസങ്ങൾ നികുതി പരിധിയിൽ ഉൾപ്പെടുന്നുവെന്നുള്ളതുകൊണ്ട് ക്രമവത്കരിക്കപ്പെട്ടതായി കരുതാൻ പാടില്ലാത്തതും, കെട്ടിട നിർമ്മാണ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ തടസ്സമില്ലാത്തതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ